ജലദുർല്ലഭ ഗ്രാമമായി കണക്കാക്കുന്നതിനുള്ള മാനദണ്ഡം

871 [251] ശ്രീ. പി. സീതിഹാജി:
,, ഇ. ടി. മുഹമ്മദ ബഷീർ:
,, കെ. പി. രാമൻ:
,, പി. എം. അബൂബക്കർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഗ്രാമത്തെ ജലദുർല്ലഭ ഗ്രാമമായി കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) ഇത്തരം എത്ര ഗ്രാമങ്ങൾ കേരളത്തിലുണ്ട്?

(സി) ഇത്തരം എത്ര ഗ്രാമങ്ങൾ ഇതിനകം ശുദ്ധജലം എത്തിക്കാൻ നടപടി സ്വീകരിച്ചു;

(ഡി) ശുദ്ധജലമെത്താത്ത ഗ്രാമങ്ങളിൽ ശുദ്ധജലമെത്തിക്കാൻ എന്ന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) (i) ഒരു നിശ്ചിത (1.6 കി.മീ.) ദൂരത്തിനകത്തോ 15 മീറ്റർ താഴ്ചയിലോ കുടിവെള്ളം ലഭിക്കാത്ത പ്രദേശം.

(ii) ആരോഗ്യത്തിന് ഹാനികരമായ ഉപ്പ്, ഇരുമ്പ്, ഫ്ളൂറൈഡ് തുടങ്ങിയ രാസപദാർത്ഥങ്ങൾ വെള്ളത്തിൽ അടങ്ങിയിട്ടുള്ള പ്രദേശം.

(iii) ഉറവിടങ്ങളിൽ അതിസാരം, ഗിനിവിര തുടങ്ങിയ രോഗാണുക്കൾ ഉള്ള പ്രദേശങ്ങൾ.

(ബി) 1164 ഗ്രാമങ്ങൾ.

(സി) 6 ഗ്രാമങ്ങളിൽ പൂർണ്ണമായും, 1167 ഗ്രാമങ്ങളിൽ ഭാഗികമായും ശുദ്ധജലം എത്തിച്ചിട്ടുണ്ട്.

(ഡി) അവശേഷിക്കുന്ന ഒരു ഗ്രാമത്തിൽ ഈ വർഷത്തോടുകൂടി ഭാഗികമായി ശുദ്ധജലമെത്തിക്കാൻ കഴിയും. 1990 ആകുമ്പോഴേക്കും മേൽ പറഞ്ഞ എല്ലാ ഗ്രാമങ്ങളിലും പൂർണ്ണമായി ശുദ്ധജലവിതരണം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സംസ്കൃത സർവ്വകലാശാല

872 [252] ശ്രീ. എ. കെ. പത്മനാഭൻ:
,, ഇ. പത്മനാഭൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കെ. പി. അരവിന്ദാക്ഷൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു അംഗീകൃത സർവ്വകലാശാല തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് കേന്ദ്ര ഗവൺമെന്റോ സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷനോ എന്തെങ്കിലും പ്രത്യേക സഹായധനം നൽകുമോ;

(സി) ഈ സർവ്വകലാശാല എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതു സംബന്ധിച്ച് പഠിക്കുവാൻ എന്തെങ്കിലും കമ്മിറ്റിയെയോ, സ്പെഷ്യൽ ഓഫീസറെയോ നിയമിച്ചിട്ടുണ്ടോ;

(ഇ) അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച ഡോക്ടർ കെ. പി. നാരായണ പിള്ളയുടെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ?

(ജി) ഇതിലെ മുഖ്യ ശുപാർശകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുമോ;

(എച്ച്) ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എന്തു ചെലവു വന്നിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വകലാശാല നിലവിൽ വന്നശേഷം കേന്ദ്രസർക്കാരിൽ നിന്നും സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷനിൽനിന്നും ധനസഹായം പ്രതീക്ഷിക്കുന്നുണ്ട്.

(സി) ശ്രീ ശങ്കരാചാര്യരുടെ ജൻമസ്ഥലമായ എറണാകുളം ജില്ലയിലെ കാലടിയിൽ.

(ഡി) സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ഇ ആൻഡ് എഫ്) സ്പെഷ്യൽ ഓഫീസറായി നിയമിതനായ ഡോ. പി. കെ. നാരായണ പിള്ളയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ജി) അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(എച്ച്) 30-6-1986 വരെ 38,075 രൂപ 50 പൈസ ചെലവായിട്ടുണ്ട്.

യൂത്ത് ക്ലബ്

873 [253] ശ്രീ. സി. കെ. ചക്രപാണി:
,, വി. കേശവൻ:
,, സി. ടി. കൃഷ്ണൻ:
,, ഒ. രേതൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഇപ്പോൾ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്;

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

4. തിരുവനന്തപുരത്തും തൃപ്പൂണിത്തുറയിലുമുള്ള സംസ്കൃത കോളേജുകളും പട്ടാമ്പി സംസ്കൃത കോളേജിന്റെ സംസ്കൃത വിഭാഗവും സംസ്ഥാനത്തുള്ള എല്ലാ സംഗീത കോളേജുകളും ഈ സർവ്വകലാശാലയോട് പ്രാദേശികമായിത്തന്നെ അഫിലിയേറ്റ് ചെയ്യണം.

5. ഏഴും എട്ടും പഞ്ചവത്സരപദ്ധതിക്കാലമായ പത്തു വർഷംകൊണ്ട് മൂന്ന് ഘട്ടങ്ങളിലായി പൂർണ്ണത പ്രാപിക്കത്തക്കവിധം വിഭാവന ചെയ്തിട്ടുള്ള ഈ സർവ്വകലാശാലയിൽ ആദ്യഘട്ടത്തിൽ സാഹിത്യം, വ്യാകരണം, വേദാന്തം, ന്യായം, ജ്യോതിഷം, കേരളപഠനം, വിദ്യാഭ്യാസം എന്നീ ഏഴു ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കണം.

6. സർവ്വകലാശാല സ്ഥാപിക്കുവാൻ കാലടി പ്രദേശത്ത് ശുപാർശ ചെയ്തിട്ടുള്ള സ്ഥലം അടിയന്തിരമായി പൊന്നുംവിലയ്ക്കെടുക്കുകയും കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും വേണം.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുവരെ കാലടിയിലെ ശ്രീ. ശങ്കരാ കോളേജിനു സമീപമുള്ള കെട്ടിടത്തിൽ യൂണിവേഴ്സിറ്റി ഓഫീസും ഡിപ്പാർട്ടുമെന്റുകളും ഈ വർഷംതന്നെ ആരംഭിക്കണം.

7. ഭാരതീയ സംസ്കാരത്തിന്റെ സംരക്ഷണം സംസ്കൃതത്തിലുള്ള പുരാതന ഹസ്തലിഖിത ഗ്രന്ഥങ്ങളുടെ ശേഖരണവും പ്രസിദ്ധീകരണവും അദ്വൈത ദർശനത്തിന് യഥാർഹമായ പരിഗണന നൽകിക്കൊണ്ട് പാശ്ചാത്യ പൗരസ്ത്യ തത്വചിന്താപദ്ധതികളുടെ താരതമ്യപഠനം, സംസ്കൃത ഭാഷയിലുള്ള ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങളിലുള്ള ഉപദാനങ്ങളുടെ സമാഹരണവും, സംസ്കൃത പാരമ്പര്യമുൾക്കൊള്ളുന്ന ലളിതകലകളുടെ പഠനവും പ്രോത്സാഹനവും സംസ്കൃത, ഗ്രീക്ക്, ലാറ്റിൻ, അറബി, പാലി മുതലായ ഭാഷകളെപ്പറ്റിയുള്ള താരതമ്യപഠനം, സംസ്കൃതം തെക്കുകിഴക്കൻ ഏഷ്യൻ ഭാഷകളിലും ചെലുത്തിയിട്ടുള്ള സ്വാധീനത്തിന്റെ പര്യവേഷണം, ദേശീയോദ്ഗ്രഥനത്തെ മുൻനിറുത്തിക്കൊണ്ട് സംസ്കൃതവും തദ്ദേശീയഭാഷകളും തമ്മിലുള്ള സാഹിത്യപരവും, ഭാഷാപരവുമായ താരതമ്യപഠനം; അഖിലേന്ത്യാ സർവ്വീസുകളിലെ ഉദ്യോഗസ്ഥൻമാർക്ക് ഭാരതീയ സംസ്കാരത്തെപ്പറ്റി കൂടുതൽ അറിവുനൽകുന്ന പ്രത്യേക കോഴ്സുകൾ നടത്തുക തുടങ്ങിയ ഈ സർവ്വകലാശാലയുടെ മുഖ്യ ലക്ഷ്യങ്ങളായിരിക്കണം.

തദ്ദേശീയരും വിദേശീയരുമായ പണ്ഡിതൻമാർക്ക് താമസിച്ച് ഉന്നതപഠനവും ഗവേഷണവും നടത്തുന്നതിനുള്ള സൗകര്യങ്ങൾ നൽകുന്നതോടൊപ്പം ഈ സർവ്വകലാശാല ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലുമുള്ള സംസ്കൃത പണ്ഡിതൻമാരുടെ ഒരു സമ്പർക്കവേദിയായി വർത്തിക്കുകയും വേണം. സർവ്വോപരി ദേശീയോദ്ഗ്രഥനവും അന്തർദ്ദേശീയ ധാരണയും വളർത്തുക എന്നുള്ളത് ഈ സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യത്തിൽ ഉൾപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 274 (354) കാണുക]

തിരുവനന്തപുരം	കരിച്ചൽ, പൂന്തുറ, പനത്തറക്കര, വേളി, വലിയതുറ ചിലക്കൂർ, പാവനാശം, പെരുമാതുറ, പുത്തൻ തോപ്പ്, പുതുക്കുറിച്ചി.
കൊല്ലം	തൃക്കുന്നപ്പുഴ, ചവറ, കോവിൽത്തോട്ടം, പെരുമ്പള്ളി, വല്ലന, ശ്രായിക്കാട്, ഇടവ, നീണ്ടകര, തോട്ടപ്പള്ളി, ആല്പാട്, താന്നി, കൊച്ചുപുഴുമുട്, പൊൻമന, പറയകടവ്.
ആലപ്പുഴ	പള്ളിത്തോട്ടം, പുറക്കാട്, അമ്പലപ്പുഴ, വണ്ടാനം, അർത്തുങ്കൽ, വടയ്ക്കൽ, പുന്നപ്ര, ചെട്ടിക്കാട്, അന്ധകാരനഴി, തുമ്പോളി.
എറണാകുളം	നായരമ്പലം, പുത്തൻപാടം, ഞാറയ്ക്കൽ, പുതുവൈപ്, ഫോർട്ടുകൊച്ചി, ചെല്ലാനം, വൈപ്പിൻ, പഴങ്ങാട്, വലങ്ങാട്, ചെറിയകടവ്, കണ്ണമാലി, കുഴിപ്പിള്ളി, സൗദി, ഇളംകുന്നപ്പുഴ, എടവനക്കാട്, മാലിപ്പുറം, പുത്തൻതോട്.
തൃശ്ശൂർ	അഴീക്കോട്, എരിയാട്, പെരിഞ്ഞാനം, കൂളിമുട്ടം, കൈപ്പമംഗലം, ചേറുവാ അഴി, കാര, ചാവക്കാട്, എങ്ങണ്ടിയൂർ.
മലപ്പുറം	പരപ്പനങ്ങാടി, കടലുണ്ടി നഗരം, പൂരപ്പുഴ, ആലിങ്കൽ, ചീരൻ കടപ്പുറം, കോർമൻ കടപ്പുറം, അരിയല്ലൂർ, ഒസാൻ കടപ്പുറം, പടിഞ്ഞാറേക്കര, കൂട്ടായി, തെക്കേ കടപ്പുറം, അരയൻ കടപ്പുറം, വക്കാട്, പൊന്നാനി.
കോഴിക്കോട്	കോഴിക്കോട് കടപ്പുറം, പുതിയാപ്പ, കല്ലായി, ഏലത്തൂർ, കാപ്പാട്, ചേറോട്, ചാലിയം, കപ്പടക്കൽ, കൈതവളപ്പ്, അയനിക്കാട്, ഗോഡേശ്വരം, ചില്ലിത്തോട്, കൂടാടി, എടീക്കൽ, തിക്കോടി, മുട്ടങ്ങവളപ്പ്, അഴിയൂർ, പള്ളിക്കണ്ടി, ബേപ്പൂർ, മടപ്പള്ളി, ചെമ്മീൻകുളം, ആനാട്, നാന്ദമംഗലം, ആവിയ്ക്കൽ,
കണ്ണൂർ	മാട്ടൂൽ, രാമന്തളി, മാഹി, മുഴപ്പിലങ്ങാട്, ചാലാട്, പൂച്ചക്കര, മീൻകുന്ന് കടപ്പുറം, കീഴുന്ന, കുന്നുവീട് കടപ്പുറം, അഴിക്കൽ, തയ്യിൽ, പുതിയങ്ങാടി, ധർമ്മടം, കുറിച്ചിൽ, തോട്ടട, പള്ളിക്കര,
കാസർകോട്	കിഴൂർ, ബേക്കര, പെരിങ്ങൽ, മുത്തുങ്ങ, കീഴല്ലൂർ, ബേക്കൽ, പുഞ്ചാവി, കാവുഗേളി, മഞ്ചേശ്വരം, അടുക്കത്ത് ബേയിൽ, പടന്ന.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986-87				
		26-3-1986-ൽ സഭ പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിനു സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXXI	കൃഷി	1,20,90,400	1,26,13,800	2,44,80,900	2,52,27,500	4,94,08,400
XXV	തൊഴിലും, തൊഴിൽ സൗകര്യങ്ങളും	5,95,02,800	3,300	11,90,05,600	6,700	11,90,12,300
VIII	എക്സൈസ്	2,12,82,000	..	4,25,64,100	..	4,25,64,100
XLI	തുറമുഖങ്ങൾ	55,87,200	72,80,000	1,11,74,400	1,45,60,000	2,57,34,400